# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 657 — 01/12/2015-ൽ മറുപടിക്ക്

### ആദിവാസി സംരക്ഷണത്തിനായി പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | ആദിവാസികളുടെ സംരക്ഷണത്തിനായി നിരവധി നിയമങ്ങൾ നിലവിലുണ്ടായിട്ടും ആദിവാസി പെൺകുട്ടികൾ ഉൾപ്പെടെ നിരന്തരം പീഡനങ്ങൾക്കും, ചൂഷണങ്ങൾക്കും ഇരയാകുന്നതിന്റെ കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. ഒറ്റപ്പെട്ട സ്ഥലങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗത്തിലെ ദുർബലരും നിയമ പരിരക്ഷകളെക്കുറിച്ച് അവബോധമില്ലാത്തവർക്കാണ് ഇപ്പോഴും പീഡനങ്ങളും ചൂഷണങ്ങളും അനുഭവപ്പെടുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ സ്ത്രീകൾക്കിടയിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ സംഘടിപ്പിച്ച് ശക്തിപ്പെടുത്തി കൂട്ടായ പ്രവർത്തനങ്ങളിലൂടെ ശാക്തീകരിക്കുന്നതിനും, നൈപുണ്യ വികസനത്തിലൂടെ പുതിയ തൊഴിലവസരങ്ങൾ കണ്ടെത്തി വരുമാന വർദ്ധനവിലൂടെ സ്വാശ്രയത്വത്തിലേക്ക് നയിക്കുന്നതിനും പരിശ്രമങ്ങൾ നടന്നു വരുന്നുണ്ട്. |
| (ബി) | ആദിവാസി വിഭാഗങ്ങളെ അവരുടെ അവകാശങ്ങളെക്കുറിച്ച് ബോധവൽക്കരിക്കാൻ എന്തൊക്കെ സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വിശദമാക്കുമോ; | (ബി) | പട്ടികവർഗ്ഗക്കാർ ക്കെതിരെയുള്ള അതിക്രമങ്ങൾ / ചൂഷണങ്ങൾ തടയുന്നതിനോടൊപ്പം അവർക്ക് ലഭ്യമാകുന്ന നിയമ പരിരക്ഷകൾ സംബന്ധിച്ച് ബോധവൽക്കരണ നടത്തുന്നതിനും ലീഗൽ സർവ്വീസ് സൊസൈറ്റി മുഖേനയായും തദ്ദേശീയരായ അഭിഭാഷകരുടേയും പൊതു പ്രവർത്തകരുടെയും സഹകരണത്തോടുകൂടി നടപടികൾ സ്വീകരിക്കാറുണ്ട്. ഇതുകൂടാതെ സ്ത്രീകൾക്കെതിരെയുള്ള പീഡനങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുന്നതിനായി സംസ്ഥാന വനിത കമ്മീഷൻ നിലവിലുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഗോത്രവർഗ്ഗ കമ്മീഷനും പ്രത്യേക അദാലത്തുകൾ നടത്തി |

| | | | |
|---|---|---|---|
| | | | ഇക്കാര്യത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് നടപടി എടുത്ത് വരുന്നു. ജില്ലകളിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വേണ്ടി സെമിനാറുകൾ ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ മേൽ നോട്ടത്തിലും ഫീൽഡ് തലത്തിൽ പ്രോജക്ട് ഓഫീസർ ട്രൈബൽ ഡവലപ് മെന്റ് ഓഫീസർമാർ മുഖേനയും സംഘടിപ്പിക്കാറുണ്ട്. എല്ലാവർഷവും സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തോടനുബന്ധിച്ച് ഇക്കാര്യത്തിൽ പട്ടികജാതി/പട്ടികവർഗ്ഗവിഭാഗക്കാർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ച് വരുന്നുണ്ട്. 1989-ലെ പട്ടികജാതി/ പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം ശക്തമായി നടപ്പാക്കുന്നതിലൂടെ പട്ടികവർഗ്ഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ അമർച്ച ചെയ്യുന്നതിന് കഴിയുന്നുണ്ട്. ടി നിയമം നടപ്പാക്കുന്നതിനും, അതിക്രമങ്ങൾക്ക് വിധേയരാകുന്നവരെ പുനരധിവസിപ്പിക്കുന്നതിനും, അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് സൗജന്യ നിയമസഹായം, അർഹമായ കേസ്സുകളിൽ ആശ്രിതർക്ക് സർക്കാർ ജോലി, ആശ്രിതർക്കുള്ള ധനസഹായം ഉടങ്ങിയ പരിരക്ഷകളും ഈ പദ്ധതി ഉറപ്പ് വരുത്തുന്നുണ്ട്. 1989-ലെ പട്ടികജാതി/ പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസ്സുകളുടെ അന്വേഷണം, കേസ്സുകളുടെ നടത്തിപ്പ് എന്നിവ സുഗമമാക്കുന്നതിനായി വയനാട്, പാലക്കാട്, കാസറഗോഡ് ജില്ലകളിൽ സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളും, ടി കേസ്സുകളുടെ സമയബന്ധിത തീർപ്പാക്കലിനു മലപ്പുറം ജില്ലയിലെ മഞ്ചേരിയിലും വയനാട് ജില്ലയിലെ മാനന്തവാടിയിലും സ്പെഷ്യൽ കോടതികളും ആരംഭിച്ചിട്ടുണ്ട്. |
| (സി) | ആദിവാസികളുടെ ക്ഷേമം ലക്ഷ്യമാക്കി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച നടപ്പിലാക്കി വരുന്നത് വിശദാംശം നൽകുമോ ? | (സി) | അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം -1

## പട്ടികവർഗ്ഗ ക്ഷേമപദ്ധതികൾ

### 1. പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരമുള്ള പരിപാടികളിലെ നിർണ്ണായകമായ വിടവ് നികത്തൽ (കോർപ്പസ് ഫണ്ട്)

പ്രോജക്ട്‌ധിഷ്ഠിത സമീപനം ഉൾകൊണ്ട് പദ്ധതികൾക്ക് അംഗീകാരം നൽകി നടപ്പിലാക്കുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം. ജില്ലകളിൽ നിന്നും ഡയറക്ടറേറ്റിൽ ലഭിക്കുന്ന പ്രോജക്ടുകളിൽ സ്വയം തൊഴിൽ, നൈപുണ്യ വികസനം, ജലവിതരണം, ശുചിത്വം, പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള വൈദ്യുതീകരണം എത്തിപ്പെടാൻ പ്രയാസമേറിയ സ്ഥലങ്ങളിലേയ്ക്ക് നടപ്പാതകൾ, പാലങ്ങൾ, റോഡ് എന്നിവ നിർമ്മിച്ച് വിനിമയ സൗകര്യം മെച്ചപ്പെടുത്തുക,സാങ്കേതിക വിദ്യാകൈമാറ്റവും വിവരവുമായി ബന്ധപ്പെട്ട പ്രോജക്ടുകളും, വാർത്താവിനിമയവും, വിദ്യാഭ്യാസവും, ആരോഗ്യ-ശുചിത്വ അഭിവൃദ്ധി, സോഫ്റ്റ് സ്കില്ലുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസത്തിന്റെ വികസനം തുടങ്ങിയഈ പദ്ധതിയുടെ ഉദ്ദേശം.

### 2. സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി

2014-15 സാമ്പത്തിക വർഷം പട്ടികവർഗ്ഗവികസന വകുപ്പ് ശേഖരിച്ച കണക്ക് പ്രകാരം സംസ്ഥാനത്ത് 30308 ഭവനരഹിതരും ഭവന നിർമ്മാണത്തിന് സ്ഥലസൗകര്യമുള്ളതുമായ പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ജനറൽ ഹൗസിംഗ് പദ്ധതി, എ.റ്റി.എസ്.പി പദ്ധതി, ഹഡ്കോ വായ്പാതുക വിനിയോഗിച്ചുള്ള ഭവന നിർമ്മാണം, ഐ.എ.വൈ പദ്ധതി പ്രകാരം ഗ്രാമവികസന വകുപ്പിൽ നിന്നും പട്ടികവർഗ്ഗക്കാർക്കായി ലഭ്യമാകുന്ന ഭവന നിർമ്മാണ പദ്ധതി എന്നിവയിലൂടെ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്കായി സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കി വരുന്നു.

**മോഡൽ കോളനി**

സംസ്ഥാനത്തെ 5 കോളനികളെയാണ് മോഡൽ കോളനി പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓരോ മോഡൽ കോളനിയിലും 25 വീടുകൾ വീതം ആകെ 125 വീടുകളുടെ നിർമ്മാണം കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു.

**ഹഡ്കോ ഹൗസിംഗ്**

പട്ടികവർഗ്ഗത്തിൽ പ്പെടുന്നതും സ്വന്തമായി ഭവനം ഇല്ലാത്തവരും എന്നാൽ ഭവനനിർമ്മാണത്തിന് ഭൂമി ലഭ്യമായതുമായവർക്ക് ഹഡ്കോ മുഖാന്തിരം ലഭ്യമാക്കുന്ന ലോൺ തുക ഉപയോഗിച്ച് 5000 വീടുകൾ നിർമ്മിക്കാനാണ് പദ്ധതി തയ്യാറായിട്ടുള്ളത്.

**ഹാംലെറ്റ് വികസനപദ്ധതി**

പട്ടികവർഗ്ഗ സങ്കേതങ്ങളുടെ പിന്നോക്കാവസ്ഥയും ഘടകങ്ങളെയും മുൻ നിറുത്തി 2014-15 വർഷം 25 പട്ടികവർഗ്ഗ സങ്കേതങ്ങളെ തെരഞ്ഞെടുത്ത് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

### 3. സമഗ്ര പട്ടികവർഗ്ഗ ആരോഗ്യസംരക്ഷണം

ആരോഗ്യസംരക്ഷണ കേന്ദ്രങ്ങളുടെ നടത്തിപ്പ്

വിദൂര പട്ടികവർഗ്ഗ മേഖലകളിൽ 5 അലോപ്പതി ഒ.പി ക്ലിനിക്കുകൾ വകുപ്പ് നടത്തുന്നു. വർഷം തോറും 23,800-ൽ അധികം രോഗികളെ ഈ കേന്ദ്രങ്ങൾ വഴി സഹായിക്കുന്നു. ഈ ഒ.പി ക്ലിനിക്കുകൾ വഴി ആംബുലൻസ് സേവനവും മെഡിക്കൽ ക്യാമ്പുകളും നടത്തുന്നു.

**ആശുപത്രികൾ വഴിയുള്ള മെഡിക്കൽ സഹായം**

സംസ്ഥാനത്തെ തെരഞ്ഞെടുത്ത ആശുപത്രികളിലൂടെ വൈദ്യ സഹായം പട്ടികവർഗ്ഗ വിഭാഗത്തിന് ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശം. അംഗീകൃത ആശുപത്രികൾ വഴി വിവിധ

രോഗങ്ങളായ സിക്കിൾസെൽ അനീമിയ, ടി.ബി. കാൻസർ, ഹൃദയം, തലച്ചോർ, കിഡ്നി സംബന്ധിച്ച അസുഖങ്ങൾ, ജലജന്യ രോഗങ്ങൾ തുടങ്ങിയവയുടെ പിടിയിലുള്ള പട്ടികവർഗ്ഗക്കാർക്ക് സഹായം ചെയ്യുന്നു.

പട്ടികവർഗ്ഗ ആശ്വാസനിധി

പ്രകൃതിക്ഷോഭങ്ങളും വിവിധ രോഗങ്ങളും ബാധിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് സാമ്പത്തിക സഹായം നൽകുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

**4. ആർട്ടിക്കിൾ 275(1) പ്രകാരമുള്ള ഗ്രാന്റ് ഇൻ-എയ്ഡ് പദ്ധതി (ഇതര കേന്ദ്ര സഹായം)**

വിദ്യാഭ്യാസം, വരുമാനദായക പരിപാടികൾ, ആരോഗ്യം, കുടിവെള്ളം, ജലസേചനം, നടപാതകൾ, നടപാലങ്ങൾ, വനങ്ങളിലെ ഊരുകളുടെ വൈദ്യുതീകരണം, വാർത്താവിനിമയം, കൃഷി, മൃഗസംരക്ഷണം, ഗ്രാമീണ മാർക്കറ്റുകൾ, ഭക്ഷ്യ സംസ്കരണം, ചെറുകിട വനവിഭവങ്ങളുടെ സംസ്കരണം, സാങ്കേതിക തൊഴിൽ മേഖലകളിലുള്ള മാനവശേഷി വികസനം, ജല സംഭരണം, പുറംപോക്കലുള്ളവരുടെ പുനരധിവാസം, പട്ടികവർഗ്ഗക്കാരുടെ ഭൂപരിപാലനം, കായിക വികസനം, തുടങ്ങിയ മാനവ വികസന സൂചകങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്ന മേഖലകളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനുള്ള പരിപാടികളാണ് ഇതിൽ ഉൾപ്പെടുത്തുന്നത്.

**5. <u>ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം (റ്റി.ആർ.ഡി.എം)</u>**

ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കുറഞ്ഞത് ഒരേക്കർ മുതൽ പരമാവധി 5 ഏക്കർ വരെ ഭൂമി നൽകുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശം. ഒരേക്കറിൽ കുറവ് ഭൂമി കൈവശമുള്ള പട്ടികവർഗ്ഗകുടുംബങ്ങൾക്ക് കുറഞ്ഞത് ഒരേക്കർ ഭൂമി ഉറപ്പാക്കുന്നതിനാവശ്യമായ ഭൂമി ലഭിക്കുന്നതിന് അർഹതയുണ്ട്.

ആശിക്കുന്ന ഭൂമി ആദിവാസിക്ക് സ്വന്തം പദ്ധതി:

ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകാൻ ഈ പദ്ധതിയിലൂടെ സാധിച്ചു. 471 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 166.501 ഏക്കർ ഭൂമി വാങ്ങി നൽകുന്നതിന് സാധിച്ചു.

**6. <u>എംആർസ് കുറ്റിച്ചൽ:</u>**

2015-16 അദ്ധ്യയന വർഷം മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രത്യേക വിഹിതം നീക്കി വെച്ചിട്ടില്ല. എംആർഎസുകൾക്കായുള്ള പൊതുവിഹിതത്തിൽ നിന്നാണ് ഇതിന് സൗകര്യം കണ്ടെത്തുന്നത്. <u>**കൊറഗർ**</u>ക്കുവേണ്ടി കാസർഗോഡ് വാണി നഗറിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ 2015-16 അദ്ധ്യയന വർഷം മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ നടത്തുന്നതിനുള്ള ചെലവുകൾ.**

16 മോഡൽ റസിഡൻഷ്യൽ/ ആശ്രമം സ്കൂളുകൾ, രണ്ട് ഏകലവ്യ, ഒരു പ്രത്യേക സി.ബി.എസ്.ഇ മോഡൽ റസിഡൻഷ്യൽ സ്കൂൾ/ആശ്രമം സ്കൂളുകൾ തുടങ്ങിയവയുടെ നടത്തിപ്പിനുള്ള ചെലവുകളാണ് ഇതിൽ വകയിരുത്തിയിരിക്കുന്നത്.

**7. <u>പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് മുഖേന പട്ടികവർഗ്ഗ വിഭാഗത്തിലെ പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ വികസന പദ്ധതി.</u>**

പട്ടികവർഗ്ഗ വിഭാഗത്തിലെ പ്രാക്തന ഗോത്രവർഗ്ഗക്കാർക്ക് അടിസ്ഥാന സൗകര്യങ്ങൾ, ആരോഗ്യം, മണ്ണു സംരക്ഷണം, പ്രാഥമിക വിദ്യാഭ്യാസം, കുടിവെള്ളം, പോഷകാഹാരം തുടങ്ങിയ മേഖലകളിൽ പ്രത്യേക പരിഗണന നൽകാൻ 13-ാം ധനകാര്യ കമ്മീഷൻ 4 വർഷത്തേക്കായി 14,800 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## 8. പരിപ്രേക്ഷ്യ പദ്ധതി 2030-ലെ മുൻഗണനാ പദ്ധതികളുടെ നടത്തിപ്പ്

2015-16 -ൽ ആരംഭിച്ച ഈ പദ്ധതിയിൽ ബഡ്ജറ്റ് വിഹിതമായി 100 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി നിർവഹണം പ്രാരംഭഘട്ടത്തിലാണ്.

## 9. എ.റ്റി.എസ്പി - പദ്ധതി യിൽ ഉൾപ്പെടുത്തി 14 മേഖലയിലെ പിന്നോക്കാവസ്ഥ യിലുള്ള പട്ടിക വർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനം:

2014-15 സാമ്പത്തിക വർഷത്തിൽ എ.റ്റി.എസ്.പി പദ്ധതിയിൽ ഉൾപെടുത്തി തെരഞ്ഞെടുത്ത മേഖലകളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സ്ഥായിയായ സമഗ്ര വികസനം നടപ്പിലാക്കുന്നതിനായി 150 കോടി രൂപ ബഡ്ജറ്റ് വിഹിതമായി ലഭിക്കുകയും പിന്നോക്കാവസ്ഥയിലുള്ള 14 ബ്ലോക്ക്/ പഞ്ചായത്തുകളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളെ തെരഞ്ഞെടുത്ത് 135..75 കോടി രൂപ വിവിധ വികസന പ്രവർത്തനങ്ങൾക്ക് ജില്ലകൾക്ക് അനുവദിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു.

## 10. പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയം തൊഴിലിനും നൈപുണ്യവികസന പരിശീലനത്തിനുമുള്ള സഹായം

നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷന്റെ വിവിധ കേന്ദ്രങ്ങളിൽ ഡിപ്ലോമ കോഴ്സിലേയ്ക്ക് 300 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതിനായി 2014-15 സാമ്പത്തിക വർഷത്തെ "പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയം തൊഴിലും നൈപുണ്യവികസന പരിശീലനത്തിനു മുള്ള സഹായം" എന്ന പദ്ധതിയിൽ 2.50 കോടി രൂപയും കോർപ്പസ് ഫണ്ടിൽ നിന്നും 1.25 കോടി രൂപയും എൻ.റ്റി.റ്റി.എഫിന് അനുവദിച്ച് പരിശീലനം നൽകി വരുന്നു. അഭ്യസ്ത വിദ്യരായ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് 2015-16 സാമ്പത്തിക വർഷം 371 കുട്ടികൾക്കു കൂടി പരിശീലനം ആരംഭിച്ചിട്ടുണ്ട്.

### പട്ടികവർഗ്ഗ വനിതകൾക്ക് ഓട്ടോറിക്ഷാ വിതരണം ചെയ്യുന്ന പദ്ധതി

സംസ്ഥാനത്തെ തൊഴിൽ രഹിതരായ 500 പട്ടികവർഗ്ഗ യുവതികൾക്ക് സ്വയം തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സൗജന്യമായി ഓട്ടോറിക്ഷകൾ വാങ്ങി നൽകുന്ന പദ്ധതി 14 ജില്ലകളിൽ നിന്നുള്ള 500 പേരെയാണ് ടി പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുള്ളത്. തെരഞ്ഞെടുക്കപ്പെട്ട പട്ടിക വർഗ്ഗ യുവതികൾക്ക് സൗജന്യമായി ഓട്ടോറിക്ഷാ പരിശീലനം നൽകി ലൈസൻസ് കരസ്ഥമാക്കി കൊടുക്കുന്നതിനുള്ള ധനസഹായവും ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

## 11. പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള സഹായം.

### പട്ടികവർഗ്ഗ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം

2014-15-ൽ 174.60 ലക്ഷം രൂപ ചെലവഴിച്ച് 349 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 66 ലക്ഷം രൂപ ടി പദ്ധതിയ്ക്കായി ജില്ലകൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കി വരുന്നു.

### സിക്കിൾസെൽ അനീമീയ (അരിവാൾ രോഗം)

വയനാട്, പാലക്കാട്, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്കിടയിൽ കണ്ടുവരുന്ന ആജീവനാന്ത പാരമ്പര്യ രോഗമാണ് സിക്കിൾ സെൽ അനീമിയ. 2012-13 വർഷം പുതുതായി ആരംഭിച്ച പദ്ധതിയിൽ പ്രസ്തുത രോഗികൾക്ക് പ്രതിമാസം 1000/- രൂപ വീതം അതാത് ജില്ലാ ഓഫീസുകൾ മുഖാന്തിരം 31..3..2015 വരെ 158.74 രൂപ ചെലവഴിച്ച് 593 ഗുണഭോക്തക്കൾക്ക് ധനസഹായം ലഭിച്ചിട്ടുണ്ട്.

**പട്ടികവർഗ്ഗക്കാരിലെ വംശീയ വൈദ്യൻമാർക്കുള്ള ധനസഹായം** : ടി പദ്ധതി പ്രകാരം 2014-15 സാമ്പത്തിക വർഷത്തിൽ 250 ഗുണഭോക്തക്കൾക്ക്

ധനസഹായം നൽകുകയും 15-16 വർഷത്തിൽ 250 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 10000 രൂപ വാർഷിക ഗ്രാന്റായി കിർത്താഡ്സ് മുഖാന്തിരം നൽകി വരുന്നു.

**ജനനീ ജന്മരക്ഷ:**

പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ട ഗർഭിണികളായ സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും ആരോഗ്യ സംരക്ഷണത്തിനായി ആവിഷ്കരിച്ച പദ്ധതിയാണ് ജനനീ ജന്മരക്ഷ. ഗർഭാവസ്ഥയുടെ 3-ാം മാസം മുതൽ കുട്ടി ജനിച്ച് 1 വയസ് തികയുന്നതു വരെയുള്ള 18 മാസ കാലത്തേക്ക് പ്രതിമാസം 1000/- രൂപ വീതം ആനുകൂല്യം നൽകി വരുന്നു.

**അവിവാഹിതരായ പട്ടികവർഗ്ഗ അമ്മമാരുടെ പുനരധിവാസം:**

സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ അവിവാഹിതരായ പട്ടികവർഗ്ഗ് അമ്മമാരെ പുനരധിവസിപ്പിക്കുന്നതിനായി 2011-12 വർഷം പുതിയ പദ്ധതി ആവിഷ്കരിച്ചിരുന്നു. ഇവരുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള പാക്കേജിൽ ഭവന നിർമ്മാണം, വീട് റിപ്പയർ, ജീവനോപാധി പദ്ധതികളായ കറവപ്പശു വളർത്തൽ,ആട് വളർത്തൽ, കോഴി വളർത്തൽ, കുട്ട-വട്ടി നിർമ്മാണം, തയ്യൽ പരിശീലനം, തയ്യൽ മെഷീൻ വിതരണം, പെട്ടിക്കട നടത്തുന്നതിന് ധനസഹായം എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

**12. <u>ആർട്ടിക്കിൾ275(1) പ്രകാരം പട്ടികവർഗ്ഗക്കാരുടെയും മറ്റു പരമ്പരാഗതമായി വനത്തിൽ വസിക്കുന്നവരുടെയും നിയമം(2006)നടപ്പാക്കൽ (വനാവകാശ നിയമം അംഗീകരിക്കൽ )</u>**

ആർട്ടിക്കിൾ 275(1) പ്രകാരം 29..07..2008 - ലെ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ കത്ത് നമ്പർ 14020/10/2005/എസ്.ജി (1) പ്രകാരം 2008-09 - ൽ 15.94 ലക്ഷം രൂപ പട്ടികവർഗ്ഗക്കാരുടെയും മറ്റു പരമ്പരാഗതമായി വനങ്ങളിൽ വസിക്കുന്നവരുടെയും നിയമം (2006) നടപ്പാക്കുന്നതിനായുള്ള ചെലവുകൾക്കായി സംസ്ഥാന ഗവൺമെന്റിന് നൽകി. (വനാവകാശം അംഗീകരിക്കൽ). ഇതിന്റെ വിഹിതം ഭൂമിയുടെ സർവ്വെയും, ഭൂമിയുടെ അവകാശം നൽകുന്നതിനും, നിയമപ്രകാരം ഭൂമി വേലികെട്ടി സംരക്ഷിക്കുന്നതിനും ഈ നിയമപ്രകാരംഉള്ള ഭൂമിയുടെ വികസന പ്രവർത്തനങ്ങൾക്കും, ഭൂമിയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമായി ഉപയോഗിക്കുന്നു.

**13. <u>വിദ്യാർത്ഥികൾക്ക് പ്രോൽസാഹനവും സഹായവും</u>**

ഈ പദ്ധതിയിൽ അഞ്ച് ഘടകങ്ങൾ ഉണ്ട്. ഈ പദ്ധതിയുകട വിവിധ ഘടകങ്ങൾ താഴെ വിശദീകരിക്കുന്നു.

**സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോൽസാഹനം.**

അക്കാദമിക്ക് തലങ്ങളിലും മറ്റും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മിടുക്കരായ വിദ്യർത്ഥികൾക്ക് പ്രോൽസാഹനം നൽകുന്ന ഘടകമാണിത്. നിലവിലുള്ള സർക്കാർ ഉത്തരവിലെ നിരക്ക് പ്രകാരം എസ്.എസ്.എൽ.സി, പ്ലസ് ടു, ബിരുദം, ബിരുദാന്തര ബിരുദം, ഗവേഷണം, പ്രൊഫഷണൽ കോഴ്സ് തുടങ്ങിയവയ്ക്ക് കൂടുതൽ മാർക്ക് അല്ലെങ്കിൽ ഉയർന്ന ഗ്രേഡ് കരസ്ഥമാക്കിയവർക്ക് ഈ പദ്ധതി പ്രകാരം പ്രോൽസാഹനം നൽകുന്നു. കലകളിലും സ്പോർട്സിലും മികച്ചുനിൽക്കുന്നവർക്ക് ക്യാഷ് അവാർഡുകളോ/സ്വർണ്ണ മെഡലോ പാരിതോഷികമായി നൽകുന്നു.

**അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി**

സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ അവരുടെ സ്കൂൾ പഠനകാലത്ത് സഹായം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശം.

<u>സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് പഠന യാത്രയ്ക്കുള്ള സഹായം</u>

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പ്ലസ് ടു, ബിരുദം, ബിരുദാന്തര ബിരുദം, പ്രൊഫഷണൽ,ഡിപ്ലോമ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി പഠനയാത്രയ്ക്കും വിനോദയാത്രയ്ക്കും വേണ്ടിയുള്ള സാമ്പത്തിക സഹായം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

### വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം

അംഗീകൃത യൂണിവേഴ്സിറ്റികളിൽ/സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് പഠനസഹായിയായി ലാപ്ടോപ്പ് വിതരണം ചെയ്യുന്ന പദ്ധതിയാണിത്.

### കൈത്താങ്ങ്

സംസ്ഥാനത്തെ അനാഥരായ പട്ടികവർഗ്ഗ കുട്ടികളെ സംരക്ഷിക്കുന്നതിന് 2013-14 സാമ്പത്തിക വർഷം ആരംഭിച്ച പദ്ധതിയാണ് കൈത്താങ്ങ്. ഇത്തരം കുട്ടികളെ സംരക്ഷിക്കുന്നവർക്ക് പ്രതിമാസം 1000/- രൂപ ധനസഹായം നൽകുന്ന പദ്ധതിയാണിത്. പട്ടികവർഗ്ഗത്തിൽപ്പെട്ടവരും മാതാപിതാക്കൾ മരണപ്പെട്ടതോ/ഉപേക്ഷിച്ചതോ/ഒരാൾ മരണപ്പെടുകയും, ജീവിച്ചിരിക്കുന്ന ആൾക്ക് കുട്ടികളെ പോറ്റാൻ കഴിവില്ലാത്ത വിധം ഗുരുതര രോഗം ബാധിച്ചവരോ ആയിട്ടുള്ളവരുടെ കുട്ടികൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കും.

### പട്ടികവർഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ:-

കേരളത്തിനകത്തും പുറത്തുമുള്ള വിദ്യാർത്ഥികൾക്ക് പോസ്റ്റ്മെട്രിക് കോഴ്സുകൾ ചെയ്യാനുള്ള സാമ്പത്തിക സഹായം ഈ പദ്ധതിയിലൂടെ നടപ്പാക്കുന്നു. ഈ സ്കോളർഷിപ്പുകൾ അനുവദിക്കുന്നതും വിതരണം ചെയ്യുന്നതും ഇ-ഗ്രാന്റ്സ് .(നെറ്റ് ബാങ്കിംഗ്) മുഖേനയാണ്.

### 10-ാംക്ലാസ്സിലും 9-ാം ക്ലാസ്സിലും പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ (100 ശതമാനം കേന്ദ്ര സഹായ പദ്ധതി)

2012-13 - ൽ ഇന്ത്യാ ഗവൺമെന്റ് ഗോത്രവർഗ്ഗ കാര്യമന്ത്രാലയം വഴി ഒരു പുതിയ കേന്ദ്രാവിഷ്കൃത പദ്ധതിയായ പത്താം ക്ലാസ്സിലും ഒൻപതാം ക്ലാസ്സിലും പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ ആരംഭിച്ചു. ഈ പദ്ധതി 01..07.2012 മുതൽ നടപ്പിലാക്കി വരുന്നു.

## 14. പട്ടികവർഗ്ഗ വിഭാഗത്തിന്റെ വിദ്യാഭ്യാസം അഭിവൃദ്ധിപ്പെടുത്തൽ

### ഗോത്ര സാരഥി

14 വയസ്സ് വരെയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം നിർബന്ധിത വിദ്യാഭ്യാസം കൊടുക്കാൻ വ്യവസ്ഥ ചെയ്യുന്നു. ഇതു വഴി അവർക്ക് നിയമാനുസൃതമായി ചെലവില്ലാതെ കിട്ടേണ്ട വിദ്യാഭ്യാസം ഉറപ്പാക്കുന്നു. പട്ടികവർഗ്ഗ സങ്കേതങ്ങൾ ഉൾവനത്തിലും എത്തിച്ചേരാൻ പറ്റാത്ത സ്ഥലങ്ങളിലും ആയതിനാൽ വാഹന ഗതാഗതം ലഭ്യമല്ല. അതുപോലെ വന്യമൃഗങ്ങളുടെ ഭീഷണി യും, വകുപ്പിൻ കീഴിലെ ഹോസ്റ്റൽ സൗകര്യത്തിന്റെ അപര്യാപ്തതയും പ്രതികൂല സാഹചര്യങ്ങൾ ആണ്. ആയതിനാൽ ഇത്തരം സാഹചര്യങ്ങളെ അതിജീവിക്കാനായി വകുപ്പ് വിഭാവനം ചെയ്ത പുതിയ പദ്ധതിയാണ് ഗോത്ര സാരഥി. ഉൾവനങ്ങളിലും എത്തിച്ചേരാൻ കഴിയാത്ത സ്ഥലങ്ങളിലും താമസിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി മാത്രമേ ഈ സൗകര്യം ഉപയോഗിക്കാവുന്നതാണ്.

### ഗോത്രജ്യോതി

2013-14 സാമ്പത്തികവർഷത്തിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട 15-നും 30-നും മധ്യേ പ്രായമുള്ള അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് ചെന്നൈ ആസ്ഥാനമായ കേന്ദ്രസർക്കാർ സ്ഥാപനമായ രാജീവ്ഗാന്ധി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ യൂത്ത്ഡെവലപ്മെന്റ്, എൻഎസ്എസ് എന്നീ സംരംഭങ്ങളുമായി ചേർന്ന് പട്ടികവർഗ്ഗവികസനവകുപ്പ് ഗോത്രജ്യോതി എന്ന പേരിൽ സമ്മർക്യാംപ് 2013 മേയ് 13 മുതൽ 24 വരെ വിവിധ കേന്ദ്രങ്ങളിൽ സംഘടിപ്പിച്ചു. ടി പദ്ധതിക്ക് 21.27 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

## 15. മൾട്ടി പർപ്പസ് ഹോസ്റ്റൽ :

100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയിൽഉൾപ്പെടുത്തി നടപ്പു വർഷം 3 മൾട്ടി പർപ്പസ് ഹോസ്റ്റലിനായി 299.8 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി ലഭിച്ചിട്ടുണ്ട്.

## 16. ഗുരുകുലം(കലിംഗ മാതൃക) പദ്ധതി

പട്ടികവർഗ്ഗക്കാരുടെ ജീവിത രീതി,സംസ്ക്കാരം, പാരമ്പര്യ മൂല്യങ്ങൾ കുട്ടികളുടെ അഭിരുചി എന്നിവ വിദ്യാഭ്യാസത്തിലൂടെ നൽകുകയാണ് ഗുരുകുലം പദ്ധതി ലക്ഷ്യമിടുന്നത്.

17. **ഭക്ഷണ സഹായ പദ്ധതി**

ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമാക്കി സംസ്ഥാനത്തുള്ള എല്ലാ ജില്ലകളിലേയും ആവശ്യമുള്ള പട്ടികവർഗ്ഗ മേഖലയിൽ തൊഴിൽ ലഭ്യമാക്കുകയും അതുവഴി അവർക്ക് വേതനം പണമായും ഭക്ഷ്യധാന്യങ്ങളായും നൽകുന്നു. ഭക്ഷ്യോൽപാദനം വർദ്ധിപ്പിക്കുന്നതിന് കൃഷിക്കും അനുബന്ധ മേഖലകൾക്കും ഈ പദ്ധതിയിൽ പ്രാധാന്യം നൽകുന്നതാണ്. പട്ടികവർഗ്ഗമിഷന്റെ പുനരധിവാസ വികസന പരിപാടിയുമായി ഭക്ഷണസഹായ പദ്ധതിയെ ബന്ധിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. മിഷൻ മുഖേന തെരഞ്ഞെടുത്ത ഭൂരഹിതരും ഭവന രഹിതരുമായ പട്ടികവർഗ്ഗ കുടുംബങ്ങളെ ഗുണഭോക്താക്കളായി പരിഗണിച്ച് ആസ്തി നിർമ്മാണത്തിനു ഊന്നൽ നലകുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

18. **പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം**

1989 ലെ പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം ശക്തമായി നടപ്പാക്കുന്നതിലൂടെ പട്ടികവർഗക്കാർ ക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ അമർച്ച ചെയ്യുന്നതിന് കഴിയുന്നുണ്ട്. ടി നിയമം നടപ്പാക്കുന്നതിനും അതിക്രമങ്ങൾക്ക് വിധേയരാകുന്നവരെ പുനരധിവസിപ്പിക്കുന്നതിനും, അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് സൗജന്യ നിയമ സഹായം, അർഹമായ കേസ്സുകളിൽ ആശ്രിതർക്ക് സർക്കാർ ജോലി, ആശ്രിതർക്കുള്ള ധനസഹായം തുടങ്ങിയ പരിരക്ഷകളും ഈ പദ്ധതി ഉറപ്പ് വരുത്തുന്നുണ്ട്. 1989 ലെ പട്ടികജാതി/പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസ്സുകളുടെ അന്വേഷണം, കേസ്സുകളുടെ നടത്തിപ്പ് എന്നിവ സുഗമമാക്കുന്നതിനായി വയനാട്, പാലക്കാട്, കാസർകോട് ജില്ലകളിൽ സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളും, ടി കേസ്സുകളുടെ സമയബന്ധിത തീർപ്പാക്കലിനു മലപ്പുറം ജില്ലയിലെ മഞ്ചേരിയിലും വയനാട് ജില്ലയിലെ മാനന്തവാടിയിലും സ്പെഷ്യൽ കോടതികളും ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ